**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2908 07.02.2018 - ൽ മറുപടിക്ക്**

# അപകടാവസ്ഥയിലുള്ള പാലങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അപകടാവസ്ഥയിൽ നിലനിൽക്കുന്ന പാലങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് അപകടാവസ്ഥ-യിൽ നിലനിൽക്കുന്ന പാലങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതി വിവരങ്ങൾ പരിശോധിച്ച-തിൽ 162 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമാണെന്നും, 208 പാലങ്ങൾ പുന:പരിശോധന-യ്ക്കുശേഷം പുനർ നിർമ്മാണമോ പുനരുദ്ധീകരണമോ ആവശ്യമുളള-താണെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) 2017 - ൽ സംസ്ഥാനത്താകെ പുതുക്കിപ്പണിഞ്ഞ പാലങ്ങൾ ആകെ എത്രയാണ്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ; | (ബി) 2017 - ൽ സംസ്ഥാനത്താകെ 11 പാലങ്ങൾ പുതുക്കി പണിതു. ഇതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

**തിരുവനന്തപുരം**

1) കുവക്കടി പാലം

**ആലപ്പുഴ**

2) ഓൾഡ് പൂച്ചാക്കൽ മാർക്കറ്റ് പാലം

**ഇടുക്കി**

3) കല്ലാർ ബ്രിഡ്ജ്,
4) വണ്ടിപെരിയാർ പാലം.

**തൃശ്ശൂർ**

5) പഴവിൽ പാലം.

**പാലക്കാട്**

6) അത്തിപ്പെറ്റ പാലം

**മഞ്ചേരി**

7) മമ്പുറം പാലം

8) കുട്ടപ്പാടി പാലം

**വയനാട്**

9) മാനന്തവാടി ചെറുപുഴ പാലം

10) പനന്തറ പാലം

**കാസർഗോഡ്**

11) പൈനിക്കര പാലം

| | |
|---|---|
| (സി) അപകടാവസ്ഥയിലുള്ള മുഴുവൻ പാലങ്ങളും കാലതാമസം കൂടാതെ പുതുക്കിപ്പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) അപകടാവസ്ഥയിലുള്ള മുഴുവൻ പാലങ്ങളും കാലതാമസം കൂടാതെ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പുനർനിർമ്മിക്കേണ്ടതും, പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ, വിശദമായ പരിശോധന എന്നിവ നടത്തി ഡി. പി. ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**